**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1003

20.03.2012 ൽ മറുപടിക്ക്

## ടെക്നിക്കൽ സ്കൂൾ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർമാർക്കുള്ള സ്പെഷ്യൽ റൂൾ ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| എ) ടെക്നിക്കൽ സ്കൂൾ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർമാർക്കുള്ള സ്പെഷ്യൽ റൂൾ ഭേദഗതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ ; | എ) പ്രസ്തുത വിഷയം പരിശോധിച്ചു വരികയാണ്. |
| ബി) വർക്ക്ക്ഷോപ്പ് ഇൻസ്ട്രക്ടർമാർക്ക് പോളിടെക്നിക്കിലെ സമാനതസ്തികകളിൽ പ്രമോഷൻ ലഭിക്കുന്നതിന് ബി.ടെക് ഫസ്റ്റ്ക്ലാസ്സ് നിർബന്ധമാക്കിയിട്ടുണ്ടോ; | ബി) നിർബന്ധമാക്കിയിട്ടില്ല. |
| സി) പ്രസ്തുത സ്പെഷ്യൽ റൂളിലെ ഭേദഗതിയുമായി ബന്ധപ്പെട്ട് സംഘടനകളോ വ്യക്തികളോ പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഗണിച്ചിട്ടുണ്ടോ; | സി) സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട് സംഘടനകളും വ്യക്തികളും ഉന്നയിച്ച പരാതികൾ പരിശോധിച്ചിട്ടുണ്ട്. |
| ഡി) ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ എല്ലാ അദ്ധ്യാപക തസ്തികകളിലും പ്രമോഷന് ബി.ടെക്കിന് 60% മാർക്ക് എന്ന് നിജപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | ഡി) സ്പെഷ്യൽ റൂൾ പ്രകാരം ഈ വകുപ്പിലെ പോളിടെക്നിക് ലക്ചറർ തസ്തികയിലേയ്ക്കുള്ള പ്രമോഷന് ബി.ടെക് -ന് ഫസ്റ്റ്ക്ലാസ്സ് എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. വകുപ്പിലെ എല്ലാ അദ്ധ്യാപക തസ്തികകൾക്കും ബി.ടെക്- ന് 60% മാർക്ക് എന്ന് നിജപ്പെടുത്താനുള്ള നിർദ്ദേശങ്ങളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ